Deshabhimani
30.12.17

# തേനിന്റെ വിപണനസാധ്യത വർധിക്കുന്നു

തൃശൂർ > തേനിന്റെ മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത വർധിക്കുന്നു. നിശ്ചിത പൂക്കളെ മാത്രം ആശ്രയിച്ച് ഉൽപ്പാദിപ്പിക്കുന്ന യൂണിഫ്ളോറൽ ഹണി, തേനും ഔഷധങ്ങളും ചേർത്തുണ്ടാക്കുന്ന ഔഷധമൂല്യം കൂടിയ തേൻ, അടയോടു കൂടി വിപണനം ചെയ്യുന്ന കോംബ്ഹണി തുടങ്ങിയവയ്ക്ക് വിപണനസാധ്യത ഏറെയാണ്. മധുരിമ എന്ന പേരിൽ വൈഗ സെമിനാറിൽ പങ്കെടുത്ത വിദഗ്ധരാണ് ഇക്കാര്യം ചൂണ്ടിക്കാട്ടിയത്.

ഔഷധ തേനുകൾക്ക് രോഗങ്ങളെ ശമിപ്പിക്കാനാകുമെന്ന് ഐസിഎആറിലെ മുൻ പ്രോജക്ട് കോ-ഓർഡിനേറ്റർ ആർ സി മിശ്ര പറഞ്ഞു. തുളസി, വെളുത്തുള്ളി, കറുവപ്പട്ട, ജാതിക്ക തുടങ്ങിയവ തേനിലിട്ടുണ്ടാക്കുന്ന പലയിനം തേനുകൾക്ക് നല്ല വിപണന സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. സൂര്യകാന്തി, മുരിങ്ങ, വേപ്പ്, ലിച്ചി തുടങ്ങിയ വിളകളെ മാത്രം ആശ്രയിച്ച് ഉൽപ്പാദിപ്പിക്കുന്ന സൺഫ്ളവർ ഹണി, മുരിങ്ങ ഹണി, നീം ഹണി, ലിച്ചി ഹണി തുടങ്ങിയവയ്ക്ക് സാധാരണ തേനിനേക്കാൾ വിപണിമൂല്യം വർധിച്ചിട്ടുണ്ട്.

ചെറിയ താൽപ്പര്യത്തിന്റെ പുറത്ത് തുടങ്ങിയ തേനീച്ച വളർത്തൽ കോടിക്കണക്കിന് വിറ്റുവരവുള്ള സംരംഭമായി മാറിയ അനുഭവം തേനീച്ചക്കർഷകനായ സജി ജോസഫ് വിശദീകരിച്ചു. തേൻ മാത്രം കഴിച്ച് തന്റെ ആരോഗ്യം മെച്ചപ്പെടുത്തിയ അനുഭവമാണ് തേനീച്ചക്കർഷകൻ സജയ്കുമാർ പങ്കുവച്ചത്. ഡിവിഷണൽഫോറസ്റ്റ് ഓഫീസർ എൻ രാജേഷ്, ഔഷധി പ്രതിനിധി ഡോ. ദിവ്യ എസ് ബാലചന്ദ്രൻ, ഡോ. പ്രൻജിബ് ചക്രബർത്തി, ഡോ. കെ വിദ്യാസാഗരൻ എന്നിവർ സംസാരിച്ചു.